# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1297 07.06.2018 ൽ മറുപടിക്ക്**

**കുറുകോട്ട പാലത്തിന്റെ നിർമ്മാണം**

| ചോദ്യം<br>ശ്രീ. ജോൺ ഫെർണാണ്ടസ് | | ഉത്തരം<br>ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| എ) എൺപത്തിരണ്ടോളം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന എറണാകുളം ജില്ലയിലെ കുറുകോട്ട ദ്വീപിൽ നിന്നും വടുതലഭാഗത്ത് നിലവിലുള്ള സെന്റ് പിറ്റേഴ്സ് റോഡുമായി ബന്ധിപ്പിക്കുന്നതും 2016-2017 ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുള്ളതുമായ കുറുകോട്ട പാലത്തിന്റെ നിർമ്മാണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | എ) & ബി) | കുറുകോട്ട പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി. ഇതിനുവേണ്ടി തയ്യാറാക്കി വരുന്ന അലൈൻമെന്റ് അംഗീകരിച്ച് ഡിസൈൻ വിഭാഗത്തിന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| ബി) ഇതിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് അലൈൻമെന്റിന്റെയും ഡിസൈനിന്റെയും അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; | | |
| സി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളത്; | സി) | വിശദമായ ഡിസൈൻ ലഭ്യമാക്കുകയും അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുകയും തുടർന്ന് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി പൂർത്തീകരിച്ചെങ്കിൽ മാത്രമേ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ. |
| ഡി) സ്ഥലമെടുപ്പ് ആവശ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഡി) | ആവശ്യമായിട്ടുണ്ട്. അപ്രൂവ്ഡ് അലൈൻമെന്റ് ലഭിച്ചതിനു ശേഷം മാത്രമേ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

S. Bindu

സെക്ഷൻ ഓഫീസർ